കേരള സർക്കാർ

സാംഗ്രഹം

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കണ്ണൻ ദേവൻ ഹിൽസ് (കെ.ഡി.എച്ച്) വില്ലേജിലെ വ്യാജ് പട്ടയം അന്വേഷിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നു.

---

റവന്യൂ (ആർ) വകുപ്പ്

സ.ഉ. (ആർ.റ്റി) നമ്പർ. 754/07/റവ. തീയതി, തിരുവനന്തപുരം 17.02.2007

---

പരാമർശം:-(1)17.11.03-ലെ സ.ഉ (ആർ.റ്റി) നം.3611/03/ആർ.ഡി.
(2)01.09.06-ലെ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട്.

## ഉത്തരവ്

കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ വ്യാജ പട്ടയം സംബന്ധിച്ച കാര്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി പരാമർശം (1) പ്രകാരം രൂപീകരിച്ച കമ്മിറ്റി 01.09.06-ൽ സർക്കാരിന് റിപ്പോർട്ട് നൽകുകയുണ്ടായി. കമ്മിറ്റി റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും ജോയിന്റ് വെരിഫിക്കേഷനിൽ 01.01.1977-ന് മുൻപ് മുതൽ വനഭൂമി കൈവശം വെച്ച് കൃഷി ചെയ്തുവരുന്നവരെ പ്രതികൂലമായി ബാധിക്കില്ലെന്ന വ്യവസ്ഥയോടെ താഴെ പറയുന്ന കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. K.D.H Act നിലവിൽ വന്ന 21/01/71 ന് മുമ്പ് നിയമപ്രകാരം നൽകിയ പട്ടയങ്ങൾ അതേപടി നിലനിർത്തുക.

2. അനധികൃത കയ്യേറ്റങ്ങൾക്കെതിരെ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുവാൻ Sub Collector ദേവികുളം, Sub Collector ഇടുക്കി എന്നിവരുടെ നേതൃത്വത്തിൽ വിശ്വസ്തരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രണ്ട് Task Force രൂപീകരിക്കുക.

3. വ്യാജപട്ടയം തിരിച്ചറിയുന്നതിനു വേണ്ടി അഡീഷണൽ തഹസീൽദാറുടെ നേതൃത്വത്തിൽ ഓരോ പട്ടയവും, സ്ഥലവും പരിശോധിക്കുകയും അതനുസരിച്ച് രേഖകൾ ശരിയാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക. അതിൻ പ്രകാരം പുതിയ തണ്ടപ്പേർ നമ്പർ രജിസ്റ്റർ തുടങ്ങുകയും, ശൂന്യതണ്ടപ്പേർ നമ്പർ ആർക്കും നൽകാതിരിക്കുന്നതിനും, തണ്ടപ്പേർ രജിസ്റ്ററിൽ അപാകതകൾ ഉണ്ടാകാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കുക.

4. വനഭൂമിയിലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും റിപ്പോർട്ടിൽ പറയുന്ന ഉത്തരവ് പ്രകാരം വനം വകുപ്പിന് കൈമാറിയതും ബാക്കി കൈമാറാനുള്ളതുമായ K.D.H. വില്ലേജിലെയും, മാങ്കുളം വില്ലേജിലെയും ഭൂമികൾ വനം വകുപ്പിന് കൈമാറി റിസർവ്വ് വനമായി പ്രഖ്യാപിക്കുകയും ചെയ്യുക.

5. വ്യാജപട്ടയം/കൈവശസർട്ടിഫിക്കറ്റ്/കരം അടച്ച രസീത് എന്നിവ കൈവശമുള്ളവർക്കെതിരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെയും സിവിൽ ആയും, ക്രിമിനൽ ആയും കേസ് രജിസ്റ്റർ ചെയ്യുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തേണ്ടതാണ്.

6. അഡീഷണൽ തഹസീൽദാറുടെ നേതൃത്വത്തിൽ രേഖകൾ പരിശോധിക്കുമ്പോൾ വ്യാജ പട്ടയമോ/കൈവശരേഖയോ അനധികൃതമായി സമ്പാദിച്ചതായി കണ്ടെത്തിയാൽ അവ റദ്ദാക്കി പ്രസ്തുത സ്ഥലം സർക്കാരിൽ നിക്ഷിപ്തമാക്കുക.

7. എല്ലാ അനധികൃത കൈയ്യേറ്റവും ഒഴിപ്പിച്ച് സ്ഥലം സർക്കാരിൽ നിക്ഷിപ്തമാക്കാനും, സംരക്ഷിക്കാനും ജില്ലാകളക്ടറോട് നിർദ്ദേശിക്കുക.

8. അനധികൃത കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാരിൽ നിക്ഷിപ്തമാകുന്ന ഭൂമി വേലികെട്ടി തിരിച്ച് സംരക്ഷിക്കുക. അങ്ങനെ നിക്ഷിപ്തമായ ഭൂമിയിൽ വനം ഉൾപ്പെടുന്നു എങ്കിൽ Task Force ന്റെ ശുപാർശ പ്രകാരം ഈ ഭൂമി വനം വകുപ്പിന് നൽകാവുന്നതുമാണ്.

9. ഒഴിപ്പിക്കപ്പെടുന്നവരിൽ അർഹരായവരെ Task Force ന്റെ ശുപാർശ പ്രകാരം പുനരധിവസിപ്പിക്കുക.

10. K.D.H Act നിലവിൽ വരുന്നതിന് മുമ്പുള്ള ഭൂമി ഇടപാടുകൾ ഇപ്പോൾ NRSA നടത്തുന്ന സർവ്വേയുടെ തീരുമാനമനുസരിച്ച് ജില്ലാകളക്ടർ ക്രമപ്പെടുത്തുക.

11. NRSA ഇപ്പോൾ നടത്തുന്ന സർവ്വേയുടെ വെളിച്ചത്തിൽ ടാറ്റാ കമ്പനിയുടെ കൈവശം അധിക ഭൂമി ഉള്ളതായി കാണുന്ന പക്ഷം അവ സർക്കാരിലേക്ക് തിരിച്ചെടുക്കുക. ടാറ്റാ കമ്പനിയുടെ കൈവശമുള്ള ചോല വനങ്ങളും സ്വാഭാവിക വനങ്ങളും തിരിച്ചെടുക്കുക.

12. റവന്യൂ, വനം, തദ്ദേശഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് മൂന്നാറിന്റെ വികസനത്തിന് വേണ്ടി Town Planning Department ഒരു Master Plan തയ്യാറാക്കുക.

13. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വനഭൂമി നൽകുമ്പോൾ ഈടാക്കുന്ന പാട്ടത്തുകയുടെ നിരക്കിൽ ടാറ്റാ കമ്പനിയിൽ നിന്നും പാട്ടത്തുക (ഭൂനികുതി) ഈടാക്കുക.

14. ഹൈക്കോടതിയിൽ K.D.H. സംബന്ധമായ പ്രധാന കേസ്സുകളിൽ Advocate General തന്നെ ഹാജരാകുന്നതിനും മറ്റ് കേസ്സുകളിൽ ഹാജരാകുന്നതിന് ഒരു ഗവൺമെന്റ് പ്ലീഡറെ കൂടി ചുമതലപ്പെടുത്തുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെടുകയും ചെയ്യുക.

ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, ഇടുക്കി [illegible]